LIBRARY ARCHIVES Kerala Legislative Assembly

വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

281 (2110) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തുക ഇതുവരെ അനുവദിക്കപ്പെട്ടു ; എത്ര തുക ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) തുക വിനിയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ലക്ഷ്യത്തിലെത്താൻ കഴിയാത്തവ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13-ലെ സംസ്ഥാന ബജറ്റിൽ വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി '2406-01-800-95 വനസംരക്ഷണം' എന്ന ശീർഷകത്തിൽ 1250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇനിയും പിൻവലിക്കാതെ ട്രഷറിയിൽ തുകയൊന്നും അവശേഷിക്കുന്നില്ല.

(സി) ടി തുകയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പദ്ധതികളും ലക്ഷ്യത്തിൽ എത്തിയിട്ടുണ്ട്.

വീട് നിർമ്മാണത്തിന് തടി ലഭ്യമാക്കൽ

282 (2111) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട് നിർമ്മാണത്തിന് ആവശ്യമായ തടി വനംവകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകളിൽ ഏതെങ്കിലും മാറ്റം വന്നിട്ടുണ്ടോ; ഇത്തരം വ്യവസ്ഥകൾമൂലം ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ നേരിടുന്ന തടസ്സം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?